പതിമൂന്നാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

## ഒന്നാമത് റിപ്പോർട്ട്

മലപ്പുറം ജില്ലയിൽ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന
വിവിധ ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച
സ്പെഷ്യൽ റിപ്പോർട്ട്

2012 ജൂലൈ മാസം 9-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

**ഒന്നാമത് റിപ്പോർട്ട്**

മലപ്പുറം ജില്ലയിൽ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന

വിവിധ ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച

സ്പെഷ്യൽ റിപ്പോർട്ട്

997/2012.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | സമിതിയുടെ ഘടന | .. | v |
| 2. | ആമുഖം | .. | vii |
| 3. | റിപ്പോർട്ട് | .. | 1 |
| 4. | അനുബന്ധം | .. | 9 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. മോൻസ് ജോസഫ്

അംഗങ്ങൾ :

ശ്രീമതി ഇ. എസ്. ബിജിമോൾ

ഡോ. കെ. ടി ജലീൽ

ശ്രീമതി കെ. കെ. ലതിക

ശ്രീ. സി. മോയിൻകുട്ടി

ശ്രീമതി കെ. എസ്. സലീഖ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. എം. പി. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. സജീവൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മലപ്പുറം ജില്ലയിലെ തവനൂരിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന വിവിധ ക്ഷേമ സ്ഥാപനങ്ങളിൽ സമിതി നടത്തിയ സന്ദർശനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

2012 ജൂൺ 6-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മോൻസ് ജോസഫ്,

*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ 9.

# റിപ്പോർട്ട്

സമൂഹത്തിൽ ദുരിതംമാത്രം അനുഭവിക്കാൻ വിധിക്കപ്പെട്ട അനാഥരും നിർദ്ധനരും നിരാലംബരുമായ വിവിധ വിഭാഗങ്ങളിലുള്ള ജനങ്ങൾക്ക്, സ്വന്തം കാലിൽ നിന്നുകൊണ്ട് ജീവിതത്തിൽ ആത്മവിശ്വാസത്തോടെ മുന്നേറാനുള്ള വിവിധ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് 1975 സെപ്റ്റംബർ 9-ന് സാമൂഹ്യക്ഷേമവകുപ്പ് രൂപംകൊണ്ടത്. വികലാംഗർ, ബുദ്ധിമാന്ദ്യമുള്ളവർ, അഗതികൾ, വൃദ്ധജനങ്ങൾ, മാനസികരോഗികൾ, ജയിൽ വിമുക്തർ, വിധവകൾ എന്നിങ്ങനെ സമൂഹത്തിൽ സാമൂഹികമായും സാമ്പത്തികമായും വിവിധ വിഭാഗങ്ങളിൽ ഒറ്റപ്പെട്ടവർക്ക് മാന്യമായി ജീവിക്കാനുള്ള വിപുലമായ പദ്ധതികൾ വകുപ്പ് സംസ്ഥാനത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സാമൂഹ്യക്ഷേമരംഗത്ത് കൈവരിച്ച നേട്ടങ്ങളിൽനിന്നും സമൂഹത്തിനുവേണ്ടി നൽകിവരുന്ന സേവനസംവിധാനങ്ങളിൽ നിന്നുമാണ് ഏതൊരു സർക്കാരിന്റേയും മാനുഷികമുഖം വ്യക്തമാകുന്നത്. പ്രസ്തുത വകുപ്പിന്റെ കീഴിൽ 73 ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കളാണ് സ്ത്രീകളും കുട്ടികളും വൃദ്ധരും വികലാംഗരും. ജീവിതത്തിൽ ഒറ്റപ്പെട്ടവർക്ക് തണൽ നല്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുന്നതിൽ എത്രത്തോളം വിജയിച്ചു എന്ന് മനസ്സിലാക്കുന്നതിനായി കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (201114) സംസ്ഥാനത്തൊട്ടാകെയുള്ള ക്ഷേമ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് തീരുമാനിച്ചതിന്റെ ഭാഗമായി 30112011-ന് മലപ്പുറം ജില്ലയിലെ തവനൂർ വൃദ്ധമന്ദിരം, മഹിളാമന്ദിരം, പ്രതീക്ഷാ ഭവൻ, റെസ്ക്യൂ ഹോം, ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം, ചിൽഡ്രൻസ് ഹോം, ശിശുപരിപാലന കേന്ദ്രം, കോടൂർ എന്നീ സ്ഥാപനങ്ങൾ സന്ദർശിക്കുകയുണ്ടായി. പ്രസ്തുത സന്ദർശനവേളയിൽ സമിതിക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടതും അധികാരികൾ, ജീവനക്കാർ, അന്തേവാസികൾ എന്നിവരിൽ നിന്നും തെളിവെടുപ്പിലൂടെ ലഭിച്ചതുമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാരിന് നൽകുന്നതിനുവേണ്ടി തയ്യാറാക്കിയ ശുപാർശകളും/നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 205എ -യിൽ പ്രതിപാദിക്കുന്നത്, സമിതി റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന സ്റ്റേറ്റ്മെന്റുകൾ, റിപ്പോർട്ട് സർക്കാർ കൈപ്പറ്റിയ തീയതി മുതൽ രണ്ടു മാസത്തിനകം സമിതിക്ക് നൽകണമെന്നാണ്.

## I. വൃദ്ധമന്ദിരം

3. 2981995-ലെ സർക്കാർ ഉത്തരവ് നമ്പർ (Ms.) 39/95/SWD പ്രകാരം 2111998-നാണ് മലപ്പുറത്ത് തവനൂർ വൃദ്ധമന്ദിരം പ്രവർത്തനമാരംഭിച്ചത്. അന്തേവാസികളായി 25 പേരെ പ്രവേശിപ്പിക്കുന്നതിനുള്ള സൗകര്യത്തോടെ അനുവദിച്ച പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ 100 അന്തേവാസികൾക്ക്

വേണ്ടിയുള്ള പ്രവേശന സൗകര്യങ്ങളുണ്ടെങ്കിലും അവരുടെ എണ്ണത്തിനാനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല. ടി സ്ഥാപനത്തിൽ നിലവിൽ 60 അന്തേവാസികളുള്ളതിൽ 20 പേർ ശയ്യാവലംബികളായതിനാൽ പ്രാഥമിക കർമ്മങ്ങൾക്കുപോലും പരസഹായം വേണ്ടവരാണെന്ന് സന്ദർശനവേളയിൽ സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. ഇവർക്കാവശ്യമായ പരിചരണം നല്കുന്നതിനും കെട്ടിടവും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതായിട്ടുള്ളതിനാൽ അന്തേവാസികളുടെ എണ്ണത്തിനാനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

4. അന്തേവാസികളെ പരിചരിക്കുന്നതിനും ശുചിത്വപ്രവർത്തനത്തിനുമായി നിലവിൽ ഒരു മെയിൽ അറ്റൻഡന്റും, ഒരു ഫീമെയിൽ അറ്റൻഡന്റും മാത്രമാണുള്ളത്. ആയതിനാൽ, ശയ്യാവലംബരായി ഇരുപതോളം അന്തേവാസികൾ വസിക്കുന്ന പ്രസ്തുത സ്ഥാപനത്തിൽ ഒരു മെയിൽ അറ്റൻഡന്റിന്റേയും ഫീമെയിൽ അറ്റൻഡന്റിന്റേയും, ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഒരു എൽ.ഡി. ക്ലാർക്കിന്റേയും തസ്തികകൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

5. ടി സ്ഥാപനത്തിൽ പകർച്ചവ്യാധികളുള്ളവരെ പ്രവേശിപ്പിക്കുന്നത് നിലവിലുള്ള അന്തേവാസികൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്നതിനാൽ അത് ഒഴിവാക്കണമെന്നും അപ്രകാരം പ്രവേശിപ്പിക്കപ്പെട്ടവരുണ്ടെങ്കിൽ അവരെ മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

6. വാർദ്ധക്യസഹജമായ അസുഖങ്ങളാൽ ബുദ്ധിമുട്ടുന്ന അന്തേവാസികളെ പരിചരിക്കുന്നതിനായി മുഴുവൻ സമയവും സേവനം ലഭിക്കത്തക്കവിധത്തിൽ നഴ്സ് തസ്തികകൾ സൃഷ്ടിക്കാൻ സത്വര നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7. ഓരോ അന്തേവാസിക്കും ചികിത്സാ ചെലവിനായി പ്രതിമാസം അനുവദിച്ചിരിക്കുന്നത് 300 രൂപയാണ്. അവരുടെ ചികിത്സാ ചെലവിനായി പരിധി നിശ്ചയിക്കുന്നത് പരിഷ്കൃത സമൂഹത്തിന് ആശാസ്യമല്ല. കൂടാതെ ഇത്തരം അന്തേവാസികളുടെ മരണാനന്തര ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന 1500 രൂപയും വളരെ അപര്യാപ്തമാണ് എന്ന് സമിതി മനസ്സിലാക്കുന്നതിനാൽ പ്രസ്തുത തുകകൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. വാർദ്ധക്യത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന അന്തേവാസികളുടെ വിവിധ മാനസിക പ്രശ്നങ്ങൾ പഠിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി, പാർട്ട് ടൈം കൗൺസിലറുടെ സേവനം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. സർക്കാർ ഉത്തരവ് നമ്പർ 189/95/ത.സ്വ.ഭ.വ തീയതി 1891995 പ്രകാരം വകുപ്പ് പൊന്നാനി ബ്ലോക്ക് പഞ്ചായത്തിനു കൈമാറിയ പ്രസ്തുത സ്ഥാപനത്തിൽ ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ നിരാലംബരായവർ അന്തേവാസി

കളായുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഇത്തരം ക്ഷേമസ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായം നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടുന്നതിനുവേണ്ട നടപടിയുണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10. സോഷ്യൽ സെക്യൂരിറ്റി മിഷൻ പ്രോജക്ട് അനുസരിച്ച് ജോലി ചെയ്യുന്ന ആയൂർവേദ ഡോക്ടർ, നഴ്സ്, പാർട്ട് ടൈം സ്വീപ്പർ എന്നിവരുടെ ഒഴിവുകൾ അടിയന്തിരമായി നികത്തണമെന്നും അതുവരെ നിലവിലുള്ള ജീവനക്കാരെ തുടരാൻ അനുവദിക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## II. മഹിളാമന്ദിരം

11. വിധവകൾ, വിവാഹബന്ധം വേർപെടുത്തിയവർ, അഗതികളും ആലംബ ഹീനരുമായ 13 വയസ്സിനുമേൽ പ്രായമുള്ള വനിതകൾ എന്നിവർക്കാണ് മഹിളാ മന്ദിരത്തിൽ പ്രവേശനം നൽകുന്നത്. ടി സ്ഥാപനത്തിലെത്തുന്ന അമ്മമാർക്ക്, കുട്ടിക്ക് ആറു വയസ്സാകുന്നതുവരെ കൂടെ താമസിപ്പിക്കുന്നതിന് അനുവാദമുണ്ട്. ആറു വയസ്സുവരെ പ്രായമുള്ള കുട്ടികളെ, അവരുടെ കുരുന്നു പ്രായത്തിൽ തന്നെ അമ്മയിൽനിന്ന് വേർപെടുത്തി പ്രത്യേകം താമസിപ്പിക്കുന്നത്, ഇരുവരിലും മാന സികസംഘർഷം സൃഷ്ടിക്കുന്നതിനാൽ പ്രസ്തുത സ്ഥാപനത്തിൽ അമ്മമാരോടൊപ്പം താമസിച്ചുവരുന്ന കുട്ടികളുടെ പ്രായപരിധി ആറു വയസ്സിൽ നിന്ന് പത്തു വയസ്സായി ഉയർത്തണമെന്നും, ഇത്തരം കുട്ടികളെ ജൂവനൈൽ ഹോമിലേക്ക് മാറ്റി പാർപ്പിക്കുമ്പോൾ അവരുടെ അമ്മമാരെ ടി സ്ഥാപനത്തിന് തൊട്ടടുത്തുള്ള മഹിളാ മന്ദിരത്തിലേക്ക് മാറ്റി പാർപ്പിക്കുന്ന കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണമെന്നും സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു. നിലവിൽ 25 സ്ത്രീകളെ താമസിപ്പിക്കുന്നതിന് സൗകര്യമുള്ള ഈ സ്ഥാപനത്തിൽ 14 സ്ത്രീകളും 5 കുട്ടികളുമടക്കം 19 അന്തേവാസികളാണുള്ളത്. 1975ൽ ജയിൽവകുപ്പിൽ നിന്നും സാമൂഹ്യക്ഷേമ വകുപ്പിന് കൈമാറിയ പ്രസ്തുത സ്ഥാപനത്തിൽ തസ്തികകളുടെ എണ്ണത്തിൽ കാലോചിതമായ മാറ്റം വരുത്തിയിട്ടില്ലാത്തതിനാൽ നിലവിലുള്ള ജീവനക്കാർ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നു എന്ന് സ്ഥാപനത്തിന്റെ സൂപ്രണ്ട് സമിതിയെ അറിയിക്കുകയുണ്ടായി. ആയതിനാൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുതുക്കി നൈറ്റ്‌വാച്ച് വുമൺ, കുക്ക്, മേട്രൺ എന്നീ തസ്തികകൾ അടിയന്തിരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന മഹിളാമന്ദിരങ്ങൾ, റെസ്ക്യൂ ഹോമുകൾ, ആഫ്റ്റർ കെയർ ഹോമുകൾ, വികലാംഗ വനിതാ സദനം, ഷോർട്ട് സ്റ്റേ ഹോം തുടങ്ങിയ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകേണ്ട തൊഴിൽ പരിശീലനം കാര്യക്ഷമമായി നടപ്പാക്കപ്പെടുന്നില്ലെന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ ടി സ്ഥാപനങ്ങളിലെ അന്തേവാസികളെ വിവിധ തൊഴിലുകൾ പരിശീലിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം അവരെ സ്വയംതൊഴിൽ ചെയ്യുവാൻ പ്രാപ്തരാക്കി അതുവഴി നേടുന്ന വരുമാനം അവരുടെ പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചാൽ അവരിൽ ഭാവിജീവിത പ്രതീക്ഷകൾ വളരുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

13. ജീവിതത്തിൽ പലവിധത്തിലുള്ള മനോവ്യഥകളിലൂടെയും മാനസിക സംഘർഷ ങ്ങളിലൂടെയും കടന്നുപോന്നവരാണ് മഹിളാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾ. അതിനാൽ, സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡിന്റെ സഹാ യത്തോടെ അവർക്കായി പ്രൊഫഷണൽ കൗൺസിലിംഗ് നൽകേണ്ടത് വളരെ അത്യാവ ശ്യമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## III. പ്രതീക്ഷാ ഭവൻ

14. മുതിർന്ന പുരുഷന്മാരിൽ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടിയുള്ള സ്ഥാപനമാണ് പ്രതീക്ഷാ ഭവൻ. 50 പേർക്ക് പ്രവേശനം അനുവദിച്ചിട്ടുള്ള പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ 58 അന്തേവാസികളാണുള്ളത്.

15. ബുദ്ധിമാന്ദ്യമുള്ളവരെ പരിചരിക്കുന്നതിനായി പ്രത്യേക യോഗ്യതയും പരിശീലനവും നേടിയ ജീവനക്കാരുടെ സേവനം അനിവാര്യമായതിനാൽ, അത്തരം ജീവനക്കാരെ അടിയന്തിരമായി പ്രതീക്ഷാ ഭവനിൽ നിയമിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. റെസ്ക്യൂ ഹോമിന്റെ ഭാഗത്തുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ടി സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനും അന്തേവാസികളുടെ ശരിയായ പരിച രണത്തിനും സ്ഥലപരിമിതിയും ജീവനക്കാരുടെ അപര്യാപ്തതയും തടസ്സ മാകുന്നതായി സമിതി മനസ്സിലാക്കുന്നു. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മുഖാന്തിരം പ്രതീക്ഷാഭവനുവേണ്ടി പൂർത്തിയാക്കിയ കെട്ടിടത്തിന് സമയബന്ധിതമായി കറന്റ് കണ ക്ഷൻ നല്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. പ്രസ്തുത കെട്ടിടത്തിലേക്ക് സ്ഥാപനം മാറ്റി പ്രവർത്തിക്കുമ്പോൾ, കെട്ടിട ത്തിന്റെ വലിപ്പവും സവിശേഷതകളും പരിഗണിച്ച് കെയർ ടേക്കർമാർ, കുക്ക്, എൽ.ഡി. ക്ലാർക്ക്, പാർട്ട് ടൈം കൗൺസിലർ, ഫിസിയോ തെറാപ്പിസ്റ്റ് എന്നീ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമായതിനാൽ അപ്രകാരം വർദ്ധനവ് വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## IV. റെസ്ക്യൂ ഹോം

17. ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) നിയമപ്രകാരമുള്ള കേസ്സിൽ ശിക്ഷിക്ക പ്പെടുന്ന സ്ത്രീകൾക്ക് ആവശ്യമായ സംരക്ഷണവും പരിചരണവും നൽകിവരുന്ന കേരളത്തിലെ ഏക സ്ഥാപനമാണ് തവനൂർ റെസ്ക്യൂ ഹോം. 1986ലെ ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) നിയമം പ്രകാരം ശിക്ഷിക്കപ്പെടുന്ന സ്ത്രീകളേയും ഈ നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളിലേക്ക് തള്ളിവിടപ്പെടുന്ന ഇര കളേയും ഒരേ സ്ഥാപനത്തിൽ താമസിപ്പിക്കേണ്ടി വരുന്ന അവസ്ഥയാണ് നിലവിലുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ടി നിയമപ്രകാരമുള്ള കേസ്സിൽ ശിക്ഷിക്കപ്പെടുന്ന സ്ത്രീകളുടെ പരിവർത്തനം, പുനരധിവാസം എന്നീ കാര്യങ്ങൾക്കായി കറക്ടീവ് സ്ഥാപനങ്ങളും സാഹചര്യങ്ങളാൽ കുറ്റകൃത്യങ്ങളിലേക്ക് തള്ളിവിടപ്പെടുന്നവരെ സംരക്ഷിക്കുന്നതിനായി പ്രൊട്ടക്ടീവ് സ്ഥാപനങ്ങളും ആരംഭി ക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മഹിളാ മന്ദിരങ്ങളെ ഇമ്മോറൽ ട്രാഫിക് ആക്ട് പ്രകാരം പ്രൊട്ടക്ടീവ് ഹോമുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ, മറ്റു പ്രധാന നഗരങ്ങളിലുള്ള മഹിളാമന്ദിരങ്ങളും ഇത്തരത്തിൽ പ്രൊട്ടക്ടീവ് ഹോമുകളായി പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. 1973-ൽ പ്രവർത്തനമാരംഭിച്ച തവനൂർ റെസ്ക്യൂ ഹോമിൽ 100 അന്തേവാസികൾക്ക് പ്രവേശനം അനുവദിച്ചിട്ടുള്ളതിൽ നിലവിൽ 19 പേരാണുള്ളത്. അവരിൽ ഭൂരിഭാഗവും അന്യസംസ്ഥാനത്തുള്ളവരാണ്. പ്രസ്തുത സ്ഥാപനത്തിലേക്ക് അന്തേവാസികളുടെ പ്രവേശനം സംബന്ധിച്ച് നിലവിൽ കോടതി ഉത്തരവുകളൊന്നും ഇല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, അന്തേവാസികളുടെ പ്രവേശനം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമാക്കണമെന്നും, ഓരോ അന്തേവാസിയുടെയും കേസ് ഫയലുകൾ പ്രത്യേകമായി സൂക്ഷിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. റെസ്ക്യൂ ഹോമിൽ എയ്ഡ്സ് രോഗബാധിതയായ അന്തേവാസിയുള്ളതായി സന്ദർശനവേളയിൽ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. എയ്ഡ്സ് രോഗബാധിതരോടുള്ള സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരേണ്ടത് വളരെ ആവശ്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി, സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയേണ്ടിവരുന്ന എയ്ഡ്സ് രോഗികളുടെ പുനരധിവാസത്തിനായി ഒരു പ്രത്യേക സ്ഥാപനം കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

21. രണ്ടു വർഷത്തോളമായി ഈ സ്ഥാപനത്തിന് ഒരു സ്ഥിരം സൂപ്രണ്ടില്ലാത്തത് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. മാനസികരോഗികളും എച്ച്.ഐ.വി. പോസിറ്റീവ് രോഗിയുമുൾപ്പെടെയുള്ള അന്തേവാസികളെ ആശുപത്രിയിൽ കൊണ്ടുപോകേണ്ട സാഹചര്യങ്ങളിൽ ജീവനക്കാരുടെ അപര്യാപ്തത വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നതിനാൽ റെസ്ക്യൂ ഹോമിൽ വാച്ച്മാൻ ഉൾപ്പെടെ അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ തസ്തികകളിലും സമയബന്ധിതമായി സ്ഥിരനിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## V. ഗവൺമെന്റ് ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം ആന്റ് ചിൽഡ്രൻസ് ഹോം

(i) ഗവൺമെന്റ് ഒബ്സർവേഷൻ ഹോം

22. കുറ്റകൃത്യങ്ങൾ ചെയ്യുന്ന 18 വയസ്സുവരെ പ്രായമുള്ള ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും കേസുകൾ കൈകാര്യം ചെയ്യുന്നതിനായി 2000-ലെ ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജുവനൈൽ ജസ്റ്റീസ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ചെയർമാനും സാമൂഹ്യ പ്രവർത്തകരായ രണ്ട് അംഗങ്ങളും അടങ്ങിയതാണ് പ്രസ്തുത ബോർഡ്. കുറ്റകൃത്യം ചെയ്യുന്ന കുട്ടികളെ സംബന്ധിച്ച കേസുകൾ 4 മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് ടി നിയമം അനുശാസിക്കുന്നു. കേസ് തീർപ്പാക്കുന്നതുവരെ കേസിലുൾപ്പെട്ട കുട്ടികൾക്ക് ജാമ്യം അനുവദിക്കുന്നില്ലെങ്കിൽ, അവരെ താത്കാലികമായി താമസിപ്പിക്കുന്നതിനുള്ള സംവിധാനമാണ് ഗവൺമെന്റ് ഒബ്സർവേഷൻ ഹോമുകൾ.

(ii) **സ്പെഷ്യൽ ഹോമുകൾ**

23. കേസ്സിലുൾപ്പെട്ട കുട്ടികളെ കുറ്റം തെളിയിക്കപ്പെടുന്നതുവരെ മറ്റു യാതൊരു തരത്തിലും അവരുടെ പുനരധിവാസം സാധ്യമല്ലാതെ വരികയാണെങ്കിൽ നിശ്ചിത കാലത്തേക്ക് അവരെ പാർപ്പിക്കുന്നതിനുള്ള സംവിധാനമാണ് സ്പെഷ്യൽ ഹോമുകൾ.

24. കുറ്റവാസനയുള്ള കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് പരിരക്ഷയും പരിശീലനവും വളരെ ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. നിർബന്ധ വിദ്യാഭ്യാസത്തിനുപരി കുട്ടികളിൽ സ്വാശ്രയശീലം വളർത്തുന്നതിനും മോചനാനന്തരം അവർക്ക് തൊഴിൽ കണ്ടെത്തുന്നതിനുമായി മെച്ചപ്പെട്ട രീതിയിലുള്ള തൊഴിൽ പരിശീലനം അനിവാര്യമാണെന്നും അതിനായി കാര്യക്ഷമമായ പദ്ധതികൾ വിഭാവനം ചെയ്യണമെന്നും സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

25. ഓരോ കുട്ടിയുടെയും വ്യത്യസ്ത പ്രശ്നങ്ങൾ പഠിക്കുകയും അവർ കുറ്റം ചെയ്യാനിടയായ സാഹചര്യം മനസ്സിലാക്കുകയും അതിനു വേണ്ട പരിഹാരം കാണുകയും അവരെ സമൂഹത്തിലെ ഉത്തമ പൗരന്മാരാക്കുന്നതിനായി അവർക്കു വേണ്ടി കാര്യക്ഷമമായ ബോധവല്ക്കരണ പരിപാടികളും/സെമിനാറുകളും സംഘടിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

26. ടി സ്ഥാപനങ്ങളിൽ പര്യാപ്തമായ ജീവനക്കാരില്ലെന്നും കുട്ടികളുടെ താമസസൗകര്യങ്ങൾ അപര്യാപ്തമാണെന്നും മെഡിക്കൽ ഡിപ്പാർട്ടുമെന്റുമായി മെച്ചപ്പെട്ട ബന്ധമില്ല എന്നത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതായും സ്ഥാപനത്തിന്റെ ചെയർപേഴ്സൺ സമിതിയെ അറിയിക്കുകയുണ്ടായി. സാഹചര്യങ്ങൾ കൊണ്ടു മാത്രം ഇത്തരം സ്ഥാപനങ്ങളിലെത്തിച്ചേരുന്ന കുട്ടികൾക്ക് മാനസിക ഉല്ലാസം നൽകുന്നതിനായി കൂടുതൽ കളിസ്ഥലങ്ങളും ഉപകരണങ്ങളും അനുവദിക്കണമെന്നും, ബുദ്ധിപരമായ വളർച്ചയ്ക്കും വികാസത്തിനും വായനാശീലം വളർത്തിയെടുക്കുന്നതിനുമായി മെച്ചപ്പെട്ട ലൈബ്രറി സംവിധാനം ഒരുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

27. മാത്രവുമല്ല, ഇരുപത് കുട്ടികളെ പാർപ്പിച്ചിരിക്കുന്ന പ്രസ്തുത സ്ഥാപനത്തിൽ അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനു വേണ്ടി രണ്ടു കെയർടേക്കർമാർ മാത്രമാണുള്ളതെന്ന കാര്യം സന്ദർശനവേളയിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ, ടി സ്ഥാപനത്തിൽ കെയർടേക്കർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം അടിയന്തിരമായി ഉയർത്തുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

(iii) **ഗവൺമെന്റ് ചിൽഡ്രൻസ് ഹോം**

28. അനാഥരും അവഗണിക്കപ്പെട്ടവരും അലഞ്ഞുതിരിഞ്ഞു നടക്കുന്നവരും സംരക്ഷിക്കാൻ ആരുമില്ലാത്തവരുമായ കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ഭവനങ്ങളാണ് ചിൽഡ്രൻസ് ഹോമുകൾ. ഇവർ കുറ്റം ചെയ്യപ്പെടാത്ത കുട്ടികളുടെ ഗണത്തിൽപ്പെടുന്നു. ഇത്തരം സ്ഥാപനങ്ങളിലുള്ള കുട്ടികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി രൂപീകരിക്കപ്പെട്ട ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ

ചെയർമാനുൾപ്പെടെ ചൈൽഡ് സൈക്കോളജി, വിദ്യാഭ്യാസം, സാമൂഹ്യസേവനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന 5 അംഗങ്ങൾ ഉണ്ടായിരിക്കും. കമ്മിറ്റിയുടെ അധികാരങ്ങൾ ജുവനൈൽ ജസ്റ്റീസ് ആക്ട് 2000-ൽ പ്രതിപാദിച്ചിരിക്കുന്നു. ഇത്തരത്തിലുള്ള കുട്ടികളെ മറ്റു യാതൊരു തരത്തിലും സംരക്ഷിക്കാൻ ആളില്ല എങ്കിൽ അവരുടെ പുനരധിവാസം സാധ്യമാകുംവരെയുള്ള കാലയളവിൽ ചിൽഡ്രൻസ് ഹോമിൽ പാർപ്പിക്കുന്നു. ഇവർക്ക് വിദ്യാഭ്യാസം, സംരക്ഷണം, തൊഴിൽ പരിശീലനം എന്നിവ നൽകി അവരുടെ പുനരധിവാസം സാധ്യമാക്കുകയാണ് ചിൽഡ്രൻസ് ഹോമുകളുടെ കർത്തവ്യം. .

29. രാജ്യത്തെ എല്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടേയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും അവയുടെ മേൽവിലാസം ലഭ്യമാക്കുന്നതിനുമായി National Informatic Centre-ന്റെ നെറ്റ് വർക്ക് വഴി അവയെ ബന്ധിപ്പിക്കുന്ന സംവിധാനത്തിന്റെ സാധ്യത പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. തവനൂരിലെ മേല്പറഞ്ഞ സ്ഥാപനങ്ങൾക്കാവശ്യമായ കുടിവെള്ളത്തിനും മറ്റും വാട്ടർ അതോറിറ്റിയെയാണ് ആശ്രയിക്കുന്നതെന്ന് സന്ദർശനത്തിൽ നിന്നും സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ ഈ സ്ഥാപനങ്ങൾക്കായി ഒരു പൊതു കിണർ, അന്തേവാസികളുടെ മാനസിക ഉല്ലാസത്തിനായി ഒരു പാർക്ക്, അവർക്കായി ഒരു ഇലക്ട്രിക് ശ്മശാനം, സുരക്ഷയ്ക്ക് വേണ്ടി ഒരു ചുറ്റുമതിൽ എന്നിവ അടിയന്തിരമായി നിർമ്മിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെല്ലാം തന്നെ അന്യസംസ്ഥാനക്കാരായ നിരവധി അന്തേവാസികളുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇവരുമായി ആശയവിനിമയം നടത്തുന്നതിന് ഭാഷ ഒരു പ്രധാന തടസ്സമാണെന്നും ഇക്കാരണത്താൽ അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പോലും കഴിയുന്നില്ലെന്നും ജീവനക്കാർ സമിതി മുമ്പാകെ വ്യക്തമാക്കി. ടി സ്ഥാപനങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് അവരുടെ സ്വന്തം നാട്ടിലേക്ക് തിരികെ പോകാൻ താല്പര്യമുണ്ടെന്ന് മനസ്സിലാക്കിയ സമിതി, അത്തരം അന്തേവാസികളെ അതാതു സംസ്ഥാനത്തു പ്രവർത്തിക്കുന്ന സമാന സ്വഭാവമുള്ള സ്ഥാപനങ്ങളിലേക്ക് തിരിച്ചയയ്ക്കുന്നത് അവരുടെ വ്യക്തിത്വ വികാസത്തിനും ഭാവിജീവിതത്തിനും സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ സ്വന്തം നാട്ടിലേക്ക് തിരികെപോകാൻ താല്പര്യമുള്ള അന്തേവാസികളെ, അവരുടെ പുനരധിവാസത്തിനുള്ള നടപടികൾ ഉറപ്പുവരുത്തിയശേഷം സുരക്ഷിതമായി തിരികെ അയയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

## VI. ശിശുപരിപാലന കേന്ദ്രം, കോടൂർ

32. വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൽ അമ്മ തൊട്ടിലിൽ നിന്ന് ലഭിച്ച 5 വയസ്സിൽ താഴെയുള്ള 5 കുട്ടികളുണ്ടെന്നും ഇവരെ പരിചരിക്കുന്നതിനായി ഒരു സ്ഥിരം ജീവനക്കാരിയെ കൂടാതെ ഒരു താല്ക്കാലിക ജീവനക്കാരിയും ഉള്ളതായി സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. ഇവിടത്തെ കുട്ടികളിൽ രണ്ടു പേരുടെ ദത്തെടുക്കൽ നടപടിക്രമം പൂർത്തിയായതായി സീനിയർ

കെയർടേക്കർ സമിതിയെ അറിയിച്ചു. ഈ സ്ഥാപനത്തിന് ദത്തെടുക്കൽ കേന്ദ്രം നടത്തുവാനുള്ള സർക്കാർ അംഗീകാരം ഇല്ലാത്ത സാഹചര്യത്തിൽ, ദത്തെടുക്കൽ നട പടിക്രമങ്ങൾ പൂർത്തീകരിക്കുന്നത് തിരുവനന്തപുരം ശിശുക്ഷേമസമിതിയുടെ കീഴിലാണെന്നും കോടതിയുടെ ഉത്തരവു പ്രകാരം നിയമപരമായ എല്ലാ നടപടി കളിലൂടെയുമാണ് ദത്തു നൽകപ്പെടുന്നത് എന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

33. സംസ്ഥാനത്ത് 1500 അംഗീകാരമുള്ള അനാഥാലയങ്ങളുണ്ടെന്നും, എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ പലതിനും അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലെന്നും, ആവശ്യത്തിന് സമ്പത്തുള്ള സ്ഥാപനങ്ങളിൽ പോലും കുട്ടികൾക്ക് മതിയായ സൗകര്യങ്ങൾ നൽകുന്നില്ല എന്നും സമിതി ചൂണ്ടിക്കാട്ടി. അനാഥ ശിശുക്കൾ അനർഹരുടെ കൈകളിൽ എത്തിപ്പെടുന്നത് തടയേണ്ടത് സമൂഹത്തിന്റെ ആവശ്യമാണെന്നും ആയതിനാൽ സ്വകാര്യ ദത്തെടുക്കൽ കേന്ദ്രങ്ങളിലെ കുട്ടികളെ അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങൾക്ക് കൈമാറ്റം ചെയ്യുംവിധം നിയമം പരിഷ്ക്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ പ്രസ്തുത അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങളിൽ നിന്ന് ദത്തു നൽകിയ കുട്ടികളുടെ ശരിയായ തുടർ നിരീക്ഷണം (ഫോളോ അപ്പ്) നടത്തുന്നതിനായി സംവിധാനമൊരുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

34. ജൂവനൈൽ ജസ്റ്റീസ് ആക്ട് (ഭേദഗതി) 2006ലെ 34(3) വകുപ്പു പ്രകാരം ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥാപിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളും 6 മാസത്തിനകം ജൂവനൈൽ ജസ്റ്റീസ് നിയമപ്രകാരം നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇതു പൂർണ്ണമായും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## 18 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് വേണ്ടിയുള്ള രജിസ്ട്രേഷൻ

35. 18 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ നിർബന്ധമായും the Board of Control of Orphanages and other Charitable Houses Act, 1960 പ്രകാരം രജിസ്റ്റർ ചെയ്യിക്കുന്നതിന് സംവിധാനമുണ്ടാക്കണമെന്നും ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ (സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ) കാലാകാലങ്ങളിൽ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പ്രാദേശിക ഭരണ തലത്തിൽ നിരീക്ഷണ സമിതികൾ പോലുള്ള സംവിധാനമേർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

മോൻസ് ജോസഫ്,

*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടെയും കുട്ടികളുടെയും*
*വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ 9.

അനുബന്ധം

**സമിതിയുടെ പ്രധാന ശുപാർശകളും നിർദ്ദേശങ്ങളും**

| *ക്രമനമ്പർ* | *ശുപാർശകൾ/നിർദ്ദേശങ്ങൾ* | *ഖണ്ഡിക* |
|---|---|---|
| (1) | (2) | (3) |
| 1 | അന്തേവാസികളുടെ എണ്ണത്തിനാനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു. | 3 |
| 2 | ശയ്യാവലംബരായി ഇരുപതോളം അന്തേവാസികൾ വസിക്കുന്ന പ്രസ്തുത സ്ഥാപനത്തിൽ ഒരു മെയിൽ അറ്റൻഡന്റിന്റേയും ഫീമെയിൽ അറ്റൻഡന്റിന്റേയും, ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഒരു എൽ. ഡി. ക്ലാർക്കിന്റേയും തസ്തികകൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു. | 4 |
| 3 | ടി സ്ഥാപനത്തിൽ പകർച്ചവ്യാധികളുള്ളവരെ പ്രവേശിപ്പിക്കുന്നത് നിലവിലുള്ള അന്തേവാസികൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്നതിനാൽ അത് ഒഴിവാക്കണമെന്നും അപ്രകാരം പ്രവേശിപ്പിക്കപ്പെട്ടവരുണ്ടെങ്കിൽ അവരെ മാറ്റിപ്പാർപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 5 |
| 4 | വാർദ്ധക്യ സഹജമായ അസുഖങ്ങളാൽ ബുദ്ധിമുട്ടുന്ന അന്തേവാസികളെ പരിചരിക്കുന്നതിനായി മുഴുവൻ സമയവും സേവനം ലഭിക്കത്തക്ക വിധത്തിൽ നഴ്സ് തസ്തികകൾ സൃഷ്ടിക്കാൻ സത്വര നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 6 |
| 5 | ഓരോ അന്തേവാസിക്കും ചികിത്സാ ചെലവിനായി പ്രതിമാസം അനുവദിച്ചിരിക്കുന്നത് 300 രൂപയാണ്. അവരുടെ ചികിത്സാ ചെലവിനായി പരിധി നിശ്ചയിക്കുന്നത് പരിഷ്കൃത സമൂഹത്തിന് ആശാസ്യമല്ല. കൂടാതെ ഇത്തരം അന്തേവാസികളുടെ മരണാനന്തര ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന 1500 രൂപയും വളരെ അപര്യാപ്തമാണ് എന്ന് സമിതി മനസ്സിലാക്കുന്നതിനാൽ പ്രസ്തുത തുകകൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനു വേണ്ടി അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 7 |

| (1) | (2) | (3) |
|---|---|---|
| 6 | വാർദ്ധക്യത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന അന്തേവാസികളുടെ വിവിധ മാനസിക പ്രശ്നങ്ങൾ പഠിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി, പാർട്ട് ടൈം കൗൺസിലറുടെ സേവനം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 8 |
| 7 | ഇത്തരം ക്ഷേമസ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായം നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടുന്നതിനുവേണ്ട നടപടിയുണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | 9 |
| 8 | സോഷ്യൽ സെക്യൂരിറ്റി മിഷൻ പ്രോജക്ട് അനുസരിച്ച് ജോലി ചെയ്യുന്ന ആയുർവ്വേദ ഡോക്ടർ, നഴ്സ്, പാർട്ട് ടൈം സ്വീപ്പർ എന്നിവരുടെ ഒഴിവുകൾ അടിയന്തിരമായി നികത്തണമെന്നും അതുവരെ നിലവിലുള്ള ജീവനക്കാരെ തുടരാൻ അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 10 |
| 9 | പ്രസ്തുത സ്ഥാപനത്തിൽ അമ്മമാരോടൊപ്പം താമസിച്ചു വരുന്ന കുട്ടികളുടെ പ്രായപരിധി ആറു വയസ്സിൽ നിന്ന് പത്തു വയസ്സായി ഉയർത്തണമെന്നും, ഇത്തരം കുട്ടികളെ ജുവനൈൽ ഹോമിലേക്ക് മാറ്റി പാർപ്പിക്കുമ്പോൾ അവരുടെ അമ്മമാരെ ടി സ്ഥാപനത്തിന് തൊട്ടടുത്തുള്ള മഹിളാ മന്ദിരത്തിലേക്ക് മാറ്റി പാർപ്പിക്കുന്ന കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു. | 11 |
| 10 | നിലവിലുള്ള സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുതുക്കി നൈറ്റ്വാച്ച് വുമൺ, കുക്ക്, മേട്രൺ എന്നീ തസ്തികകൾ അടിയന്തിരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 11 |
| 11 | സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡിന്റെ സഹായത്തോടെ അവർക്കായി പ്രൊഫഷണൽ കൗൺസിലിംഗ് നൽകേണ്ടത് വളരെ അത്യാവശ്യമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 13 |
| 12 | ബുദ്ധിമാന്ദ്യമുള്ളവരെ പരിചരിക്കുന്നതിനായി പ്രത്യേക യോഗ്യതയും പരിശീലനവും നേടിയ ജീവനക്കാരുടെ സേവനം അനിവാര്യമായതിനാൽ അത്തരം ജീവനക്കാരെ അടിയന്തിരമായി പ്രതീക്ഷാ ഭവനിൽ നിയമിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | 15 |

| (1) | (2) | (3) |
| --- | --- | --- |
| 13 | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മുഖാന്തിരം പ്രതീക്ഷാഭവനു വേണ്ടി പൂർത്തിയാക്കിയ കെട്ടിടത്തിന് സമയബന്ധിതമായി കറന്റ് കണക്ഷൻ നല്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 15 |
| 14 | കെയർ ടേക്കർമാർ, കുക്ക്, എൽ.ഡി. ക്ലാർക്ക്, പാർട്ട് ടൈം കൗൺസിലർ, ഫിസിയോ തെറാപ്പിസ്റ്റ് എന്നീ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമായതിനാൽ അപ്രകാരം വർദ്ധനവ് വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 16 |
| 15 | ആയതിനാൽ ടി നിയമ പ്രകാരമുള്ള കേസ്സിൽ ശിക്ഷിക്കപ്പെടുന്ന സ്ത്രീകളുടെ പരിവർത്തനം, പുനരധിവാസം എന്നീ കാര്യങ്ങൾക്കായി കറക്ടീവ് സ്ഥാപനങ്ങളും സാഹചര്യങ്ങളാൽ കുറ്റകൃത്യങ്ങളിലേക്ക് തള്ളിവിടപ്പെടുന്നവരെ സംരക്ഷിക്കുന്നതിനായി പ്രൊട്ടക്ടീവ് സ്ഥാപനങ്ങളും ആരംഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 17 |
| 16 | മറ്റു പ്രധാന നഗരങ്ങളിലുള്ള മഹിളാമന്ദിരങ്ങളും ഇത്തരത്തിൽ പ്രൊട്ടക്ടീവ് ഹോമുകളായി പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 18 |
| 17 | അന്തേവാസികളുടെ പ്രവേശനം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമാക്കണമെന്നും, ഓരോ അന്തേവാസിയുടെയും കേസ് ഫയലുകൾ പ്രത്യേകമായി സൂക്ഷിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. | 19 |
| 18 | സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയേണ്ടിവരുന്ന എയ്ഡ്സ് രോഗികളുടെ പുനരധിവാസത്തിനായി ഒരു പ്രത്യേക സ്ഥാപനം കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു. | 20 |
| 19 | റസ്ക്യൂ ഹോമിൽ വാച്ച്മാൻ ഉൾപ്പെടെ അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ തസ്തികകളിലും സമയബന്ധിതമായി സ്ഥിര നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 21 |

| (1) | (2) | (3) |
|---|---|---|
| 20 | നിർബന്ധ വിദ്യാഭ്യാസത്തിനുപരി കുട്ടികളിൽ സ്വാശ്രയ ശീലം വളർത്തുന്നതിനും മോചനാനന്തരം അവർക്ക് തൊഴിൽ കണ്ടെത്തുന്നതിനുമായി മെച്ചപ്പെട്ട രീതിയിലുള്ള തൊഴിൽ പരിശീലനം അനിവാര്യമാണെന്നും അതിനായി കാര്യക്ഷമമായ പദ്ധതികൾ വിഭാവനം ചെയ്യണമെന്നും സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു. | 24 |
| 21 | ഓരോ കുട്ടിയുടെയും വ്യത്യസ്ത പ്രശ്നങ്ങൾ പഠിക്കുകയും അവർ കുറ്റം ചെയ്യാനിടയായ സാഹചര്യം മനസ്സിലാക്കുകയും അതിനുവേണ്ട പരിഹാരംകാണുകയും അവരെ സമൂഹത്തിലെ ഉത്തമ പൗരന്മാരാക്കുന്നതിനായി അവർക്കു വേണ്ടി കാര്യക്ഷമമായ ബോധവല്ക്കരണ പരിപാടികളും/സെമിനാറുകളും സംഘടിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 25 |
| 22 | സാഹചര്യങ്ങൾ കൊണ്ടു മാത്രം ഇത്തരം സ്ഥാപനങ്ങളിലെത്തിച്ചേരുന്ന കുട്ടികൾക്ക് മാനസിക ഉല്ലാസം നൽകുന്നതിനായി കൂടുതൽ കളിസ്ഥലങ്ങളും ഉപകരണങ്ങളും അനുവദിക്കണമെന്നും, ബുദ്ധിപരമായ വളർച്ചയ്ക്കും വികാസത്തിനും വായനാശീലം വളർത്തിയെടുക്കുന്നതിനുമായി മെച്ചപ്പെട്ട ലൈബ്രറി സംവിധാനം ഒരുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു | 26 |
| 23 | ടി സ്ഥാപനത്തിൽ താമസിക്കുന്ന കുട്ടികളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനു വേണ്ടി കെയർടേക്കർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം അടിയന്തിരമായി ഉയർത്തുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു. | 27 |
| 24 | രാജ്യത്തെ എല്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടേയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും അവയുടെ മേൽവിലാസം ലഭ്യമാക്കുന്നതിനുമായി National Informatic Centre ന്റെ നെറ്റ് വർക്ക് വഴി അവയെ ബന്ധിപ്പിക്കുന്ന സംവിധാനത്തിന്റെ സാധ്യത പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 29 |
| 25 | ഈ സ്ഥാപനങ്ങൾക്കായി ഒരു പൊതു കിണർ, അന്തേവാസികളുടെ മാനസിക ഉല്ലാസത്തിനായി ഒരു പാർക്ക്, അവർക്കായി ഒരു ഇലക്ട്രിക് ശ്മശാനം, സുരക്ഷയ്ക്ക് വേണ്ടി ഒരു ചുറ്റുമതിൽ എന്നിവ അടിയന്തിരമായി നിർമ്മിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 30 |
| 26 | സ്വന്തം നാട്ടിലേയ്ക്ക് തിരികെപ്പോകാൻ താല്പര്യമുള്ള | |

| (1) | (2) | (3) |
|---|---|---|
| | അന്തേവാസികളെ, അവരുടെ പുനരധിവാസത്തിനുള്ള നടപടികൾ ഉറപ്പുവരുത്തിയ ശേഷം സുരക്ഷിതമായി തിരികെ അയയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു. | 31 |
| 27 | അനാഥ ശിശുക്കൾ അനർഹരുടെ കൈകളിൽ എത്തിപ്പെടുന്നത് തടയേണ്ടത് സമൂഹത്തിന്റെ ആവശ്യമാണെന്നും ആയതിനാൽ സ്വകാര്യ ദത്തെടുക്കൽ കേന്ദ്രങ്ങളിലെ കുട്ടികളെ അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങൾക്ക് കൈമാറ്റം ചെയ്യുംവിധം നിയമം പരിഷ്ക്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ പ്രസ്തുത അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങളിൽ നിന്ന് ദത്തു നൽകിയ കുട്ടികളുടെ ശരിയായ തുടർ നിരീക്ഷണം (ഫോളോ അപ്പ്) ന ട ത്ത ു ന്ന ത ി ന ാ യ ി സംവിധാനമൊരുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | 33 |
| 28 | ജുവനൈൽ ജസ്റ്റീസ് ആക്ട് (ഭേദഗതി) 2006 ലെ 34(3) വകുപ്പു പ്രകാരം ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥാപിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളും 6 മാസത്തിനകം ജുവനൈൽ ജസ്റ്റീസ് നിയമപ്രകാരം നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇതു പൂർണ്ണമായും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 34 |
| 29 | 18 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ നിർബന്ധമായും the Board of Control of Orphanages and other Charitable Houses Act, 1960 പ്രകാരം രജിസ്റ്റർ ചെയ്യിക്കുന്നതിന് സംവിധാനമുണ്ടാക്കണമെന്നും ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ (സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ) കാലാകാലങ്ങളിൽ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പ്രാദേശിക ഭരണതലത്തിൽ നിരീക്ഷണ സമിതികൾ പോലുള്ള സംവിധാനമേർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 35 |